March

...ress.com ലൂടെ
വീടും സ്ഥലവും വിൽക്കുവാൻ
ഇപ്പോൾ വളരെ എളുപ്പമാണ്"
പ്രാകരൻ നായർ, തിരുവനന്തപുരം
hello
KERALA'S OWN
9747000
0481 2507

...കട്ടിടത്തിലേക്ക് ബവ്റിജസ്

...ിലെ മുളിച്ചിറ കുളം പുല്ലു മൂടി സംരക്ഷണമില്ലാതെ നശി
...നിലയിൽ.

...ടറിയാൻ

...ന്റെ പ്രശ്നങ്ങൾ
...നാരമ്മ എജന്റുമാർ
...ണിക്കാട്ടുന്നു

...പരാതിപ്പെടുന്നു.
...ർഡുകളുടെ മധ്യഭാഗ
...ിക്കാട്ടുകുളവും കെട്ടി

...വ്

...ള്ളിടത്താണ് കാനയു
...തകർന്നിട്ടുള്ളത്.
...ുഴിയിൽ വീഴ്ച തട
...ുടെ മകളിൽ എത്ര
...സ്ലാബിടണമെന്ന് നാ
...ശ്യപ്പെട്ടു.

സംരക്ഷിക്കാതെ നശിക്കുകയാണ്. പതിറ്റാണ്ടുകൾക്കു മുൻപു വശം കെട്ടി സംരക്ഷിക്കാൻ തുടങ്ങിയെങ്കിലും ഒരു ഭാഗം മാത്രം കെട്ടിയതോടെ പണികൾ നിലച്ചു .കുളങ്ങൾ സംരക്ഷിക്കാൻ സമിതി രൂപീകരിച്ചു. പ്രദേശവാസികൾ രംഗത്തിറങ്ങിയെങ്കിലും അധികൃതർ കണ്ട മട്ടില്ല.

ഒരു കിലോമീറ്റർ ചുറ്റളവിനുള്ളിലെ ഈ രണ്ടു കുളങ്ങളും സംരക്ഷിച്ചാൽ ജാതി,വാഴ,കവുങ്ങ്, കുരുമുളക് തുടങ്ങിയ വിളകൾക്ക് പ്രയോജനപ്പെടും

. പോട്ട പ്രദേശത്ത് മറ്റു വാർഡുകളിലായി സംരക്ഷണം കാത്തു കിടക്കുന്ന അഞ്ച് കുളങ്ങൾ വേറെയുമുണ്ട്.

പൈതൃകം ആധ്യാത്മിക സദസ്സ്

ഗുരുവായൂർ ● പൈതൃകം ഗുരുവായൂർ വിഷ്ണുസഹസ്രനാമജപവും നാരായണീയ പാരായണവും നടത്തി. തന്ത്രി ചേന്നാസ് ദിനേശൻ നമ്പൂതിരിപ്പാട് ഭദ്രദീപം തെളിയിച്ചു. ഇ.ശ്രീധരൻ ആധ്യാത്മിക പ്രഭാഷണം നടത്തി.രവി ചങ്കത്ത് അധ്യക്ഷനായി. ശ്രീകുമാർ.പി.നായർ, മഹേശ്വരി കൊച്ചുമോൻ, അംബികാദേവി, വി.എൻ. ഭാർഗവി, സുരേഷ് കുറുപ്പ്, മധു. കെ.നായർ എന്നിവർ നേതൃത്വം നൽകി.

വാർത്തകൾ ചുരുക്കത്തിൽ

നേത്ര പരിശോധന ക്യാംപ് നടത്തും

കൊടകര● മനക്കുളങ്ങര ലയൺസ് ക്ലബ്ബും അഹല്യ കണ്ണാശുപത്രിയും ചേർന്ന് നടത്തുന്ന സൗജന്യ നേത്രപരിശോധന തിമിര ശസ്ത്രക്രിയ ക്യാംപ് 20 ന് നടത്തും. കൊടകര ഗവ. എൽ പി സ്കൂളിൽ 9 മുതൽ 1 വരെയാണ് ക്യാംപ്. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ചകളിൽ ക്യാംപ് ഉണ്ടായിരിക്കുമെന്ന് ഭാരവാഹികളായ കെ.സഞ്ജീവ് മേനോൻ,ചെങ്കിടാചലം, രാധാകൃഷ്ണൻ എന്നിവർ അറിയിച്ചു. 9447069289.

ഇന്റർസോൺ വടംവലി

കൊരട്ടി● കാലിക്കറ്റ് സർവകലാശാല ഇന്റർസോൺ വടംവലി മത്സരങ്ങൾക്ക്.നൈപുണ്യ കോളജിൽ ഇന്ന് തുടക്കം. വനിത, പുരുഷ, മിക്സ്ഡ് വിഭാഗങ്ങളിലായി നടക്കുന്ന മത്സരത്തിൽ 50 ടീമുകൾ പങ്കെടുക്കും. നാളെ സമാപിക്കും.

രാമകൃഷ്ണനെ അനുമോദിച്ചു

ചാലക്കുടി ● കേരള സംഗീത നാടക അക്കാദമി അവാർഡ് ജേതാവ് ഡോ. ആർഎൽവി രാമകൃഷ്ണനെ കലാകാരന്മാരുടെ സംഘടനയായ ഫേസ് അനുമോദിച്ചു. പ്രസിഡന്റ് ബിജു ചാലക്കുടി അധ്യക്ഷത വഹിച്ചു. കലാഭവൻ ജയൻ, നഗരസഭ കൗൺസിലർ തോമസ് മാളിയേക്കൽ, സെക്രട്ടറി ജോബി കലാഭവൻ, വൈസ് പ്രസിഡന്റ് ഹാപ്പി ബൈജു, ആന്റോ കൊരട്ടി, ബിനീഷ് ചാലക്കുടി, മധു തൃപ്രയാർ, ആൻസി ബൈജു, സുരജ ബിജു എന്നിവർ പ്രസംഗിച്ചു.

ചൂരക്കുളം ഉദ്ഘാടനം 21ന്

കൊരട്ടി● നവീകരിച്ച ചൂരക്കുളത്തിന്റെയും റോഡിന്റെയും ഉദ്ഘാടനം 21 നു 5.30നു പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു നിർവഹിക്കും.

ടീച്ചേഴ്സ് സംഘം പൊതുയോഗം

ചാലക്കുടി● ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ല എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് സഹകരണ സംഘം വാർഷിക പൊതുയോഗവും അവാർഡ് സമർപ്പണവും യാത്രയയപ്പും നാളെ 11ന് സംഘം ഹാളിൽ നടത്തും.

വാഴക്കന്ന് നൽകി

അതിരപ്പിള്ളി ● ഒരുകോടി ഫലവൃക്ഷതൈ വിതരണ പദ്ധതിയുടെ ഭാഗമായി വെറ്റിലപ്പാറ കൃഷി ഭവനിൽ നിന്നു 700 വാഴക്കന്നുകൾ വിതരണം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് കെ.കെ റിജേഷ് പരിപാടി ഉദ്ഘാടനം ചെയ്തു .കൃഷി അസിസ്റ്റന്റ് കെ.എം ഷാജി,പി.എ സുനന്ദ എന്നിവർ പ്രസംഗിച്ചു.

സാന്ത്വന പരിചരണം ബോധവൽക്കരണം

പുല്ലൂറ്റ് ● കാൻസർ പോലുള്ള വിവിധ രോഗങ്ങളാൽ കിടപ്പിലായവർക്കു സാന്ത്വന പരിചരണം നൽകുന്നതിനെ കുറിച്ചു ആൽഫ പാലിയേറ്റീവ് കെയർ കൊടുങ്ങല്ലൂർ ലിങ്ക് സെന്റർ ഇന്ന് 4ന് പുല്ലൂറ്റ് ടിഡിപിയോഗംസ്കൂളിൽ ബോധവൽക്കരണ ക്ലാസ് നടത്തും. ആൽഫ ചീഫ് മെഡിക്കൽ ഓഫിസർ ഡോ.ജോസ്ബാബു,കമ്യൂണിറ്റിഡയറക്ടർ സുരേഷ് ശ്രീധരൻ എന്നിവർ ക്ലാസെടുക്കും.

ബറാത്ത് രാവ് ആചരിച്ചു

കയ്പമംഗലം ● റമസാനു മുന്നോടിയായി വിശ്വാസികൾ ബറാത്ത് രാവ് ആചരിച്ചു. മസ്ജിദുകളിൽ പ്രത്യേക പ്രാർഥനയും മരണപ്പെട്ടവർക്കുള്ള കബർ സീയാറത്തും നടന്നു. വീടുകളിൽ മധുര പലാഹാര വിതരണങ്ങളും നടന്നു. ബറാത്ത് ദിനത്തിന്റെ ഭാഗമായി ഇന്ന് വ്രതാനുഷ്ഠാനവും ഉണ്ടായിരിക്കും. കാക്കാത്തുരുത്തി ബദർ ജുമാമസ്ജിദിൽ നടന്ന പ്രാർഥനയ്ക്ക് ഖത്തീബ് നിസാബുദ്ദീൻ ഫൈസി നേതൃത്വം നൽകി.

...ANAGEMENT & INFORMATION ...
...NGAM, KOR...